# മുല്ലപ്പെരിയാർ: ചർച്ച തുടരണം

**വി എസ് അച്യുതാനന്ദൻ** 28-12-2006

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ കാര്യത്തിൽ ഇനി ചർച്ചകൊണ്ട് പ്രയോജനമില്ല; തങ്ങൾ വീണ്ടും സുപ്രിംകോടതിയെ സമീപിക്കുകയാണ്'' എന്ന് തമിഴ്നാട് മുഖ്യമന്ത്രി എം കരുണാനിധി കഴിഞ്ഞദിവസം പ്രസ്താവിക്കുകയുണ്ടായി. നാലാഴ്ച മുമ്പ് കേന്ദ്ര ജലവിഭവമന്ത്രി സെയ്ഫുദ്ദീൻസോസിന്റെ മാധ്യസ്ഥ്യത്തിൽ കേരളമുഖ്യമന്ത്രി എന്ന നിലയിൽ ഞാനും തമിഴ്നാട് മുഖ്യമന്ത്രി എന്ന നിലയിൽ കരുണാനിധിയും പങ്കെടുത്ത ചർച്ച ദില്ലിയിൽ നടന്നുവല്ലോ. ആ ചർച്ചയിൽ കേരളത്തിന്റെ വാദങ്ങൾക്ക് മേൽക്കൈ ലഭിച്ചുവെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടതാണ്. ഡാമിന് ബലക്ഷയമുണ്ടെന്നും ചോർച്ചയുണ്ടെന്നും ജലനിരപ്പ് 136 അടിയിൽ നിന്ന് വർധിപ്പിക്കരുതെന്നുമുള്ള കേരളത്തിന്റെ വസ്തുനിഷ്ഠമായ വാദം ഞാൻ അവതരിപ്പിച്ചപ്പോൾ അതിനെ ഖണ്ഡിക്കാൻ എതിർഭാഗത്തിന് കഴിഞ്ഞില്ല. ഒത്തുതീർപ്പ് ഉണ്ടായില്ലെങ്കിലും സൗഹൃദാന്തരീക്ഷത്തിലാണ് ചർച്ച അവസാനിച്ചത്. വൈകാതെ തന്നെ ഇരു സംസ്ഥാനത്തെയും വകുപ്പുമന്ത്രിമാരുടെ ചർച്ച കേന്ദ്രമന്ത്രിയുടെ സാന്നിധ്യത്തിൽ നടത്തണമെന്ന തീരുമാനത്തോടെയാണ് യോഗം അവസാനിച്ചത്. അതനുസരിച്ച് കഴിഞ്ഞ പതിനെട്ടാം തീയതി മന്ത്രിതല ചർച്ച ദില്ലിയിൽ നടന്നു. നല്ല തയ്യാറെടുപ്പോടെ തന്നെ നമ്മുടെ ജലവിഭവമന്ത്രി യോഗത്തിൽ പങ്കെടുത്ത് സംസ്ഥാനത്തിന്റെ ആവശ്യം അടിവരയിട്ട് പറഞ്ഞു. പുതിയ ഡാം കെട്ടണമെന്ന ആവശ്യമാണ് കേരളം ഉന്നയിച്ചത്. ഡാം സുരക്ഷാ അതോറിറ്റിയിലെ വിദഗ്ധർ മുല്ലപ്പെരിയാർ ഡാമും പരിസരവും പരിശോധിച്ച് പുതിയ ഡാം പണിയുന്നതിനുള്ള സ്ഥലവും സാധ്യതകളുമൊക്കെ വിലയിരുത്തുകയും മുഖ്യമന്ത്രി, ജലവിഭവമന്ത്രി, ചീഫ്സെക്രട്ടറി എന്നിവരുടെ സാന്നിധ്യത്തിൽ വിശദചർച്ച നടത്തി ധാരണയിലെത്തുകയും ചെയ്തിരുന്നു. അതിനുശേഷമാണ് മന്ത്രിതല ചർച്ചയിൽ മന്ത്രി പ്രേമചന്ദ്രൻ കേരളത്തിന്റെ ഖണ്ഡിതമായ നിലപാട് അവതരിപ്പിച്ചത്. അതിനു മുമ്പായി മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ നിലപാട് രാജ്യത്താകമാനം, പ്രത്യേകിച്ച് തമിഴ്നാട്ടിൽ വ്യാപകമായി പ്രചരിപ്പിക്കാനും നമുക്ക്കഴിഞ്ഞു.

ഇങ്ങനെയെല്ലാമുള്ള പശ്ചാത്തലത്തിലാണ് പൊടുന്നനെ കരുണാനിധിയുടെ പ്രഖ്യാപനം വന്നത് – വീണ്ടും കോടതിയെ സമീപിക്കുകയാണെന്ന്. നമ്മൾ ആവശ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ മാത്രമല്ല, ചർച്ചയ്ക്ക് തമിഴ്നാട് സമ്മതിച്ചത്. മുല്ലപ്പെരിയാർ പ്രശ്നം (അതുൾപ്പെടെ നദീജല പ്രശ്നങ്ങൾ) ബന്ധപ്പെട്ട സംസ്ഥാനങ്ങൾ ചർച്ച ചെയ്ത് സമവായത്തിലെത്തണമെന്ന് സുപ്രിംകോടതി നിർദേശിച്ചതാണ്. നമ്മുടെ ആവശ്യവും സുപ്രിംകോടതിയുടെ നിർദേശവും വന്ന സാഹചര്യത്തിലാണ് തമിഴ്നാട്ടിൽ സർവകക്ഷി യോഗം ചേർന്നതും ചർച്ചയ്ക്ക് സന്നദ്ധമായതും. കേന്ദ്രജലവിഭവ മന്ത്രി സെയ്ഫുദ്ദീൻസോസ് മുൻകയ്യെടുത്ത് യോഗം വിളിച്ചുചേർക്കുകയും ചെയ്തു.

എന്നിട്ടിപ്പോൾ, പൊടുന്നനെ ''ചർച്ച കൊണ്ട് വലിയ പ്രയോജനമില്ല, വീണ്ടും കോടതി'' എന്ന നിലപാടിലേക്ക് മാറാൻ തമിഴ്നാട് മുഖ്യമന്ത്രിക്ക് എന്താണ് പ്രകോപനം? മുല്ലപ്പെരിയാർ ഡാമിനെപ്പറ്റി കേരളം പരക്കെ അ വാസ്തവം പ്രചരിപ്പിക്കുന്നു, ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് കേരളം പ്രദർശിപ്പിച്ച ഡോക്യുമെന്ററി തെറ്റിദ്ധാരണ പരത്തുകയാണ് എന്നൊക്കെ കരുണാനിധി പറയുകയുണ്ടായി.

മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളത്തിന്റെ വാദത്തിന്, പുറത്തും മേൽക്കൈ ലഭിച്ചുകഴിഞ്ഞു എന്നതിന്റെ തെളിവാണ് തമിഴ്നാടിന്റെ 'ഭാഗ ത്തുനിന്നുള്ള പുതിയ ആക്ഷേപങ്ങൾ. തമിഴ്നാട് സർക്കാർ മുല്ലപ്പെരിയാർ പ്രശ്നത്തിൽ കീഴടങ്ങുകയാണ് എന്ന ആക്ഷേപവും അതിന്റെ പേരിൽ സമ രാഭാസങ്ങളും ജയലളിതയുടെയും വൈക്കോമാരുടെയും മറ്റും നേതൃത്വ ത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരാജയത്തിന്റെയോ കീഴടങ്ങലി ന്റെയോ ദുരഭിമാനത്തിന്റെയോ പ്രശ്നമില്ലെന്ന് വൈക്കോമാർ മനസ്സിലാക്കു ന്നില്ല. അവരെ നയിക്കുന്നത് സങ്കുചിതത്വമാണ്. പ്രശ്നത്തെ വസ്തുനിഷ്ഠ മായും യുക്തിഭദ്രമായും മനുഷ്യസ്നേഹപരമായും കാണുന്നതിനു പകരം രാഷ്ട്രീയലാഭം ലക്ഷ്യമാക്കുന്നു. അവരുടെ ആക്ഷേപം കാരണമാകണം ചർ ച്ചയിൽ നിന്ന് മാറാൻ കരുണാനിധി നീക്കംനടത്തുന്നത്. ജലനിരപ്പ് 136 അ ടിയിൽനിന്ന് 142 അടിയാക്കാമെന്ന സുപ്രിംകോടതി വിധി നടപ്പാക്കിക്കിട്ടാ നാണത്രേ കോടതിയെ വീണ്ടും സമീപിക്കുന്നത്. എന്നാൽ ആ വിധിക്ക് ശേ ഷമാണ് പരസ്പരം ചർച്ചയിലൂടെ പരിഹാരം കാണണമെന്ന കേരളത്തിന്റെ അഭിപ്രായത്തിനനുകൂലമായ സുപ്രിംകോടതിവിധി വന്നത്. അതുകൊണ്ടുത ന്നെ മുമ്പത്തെ വിധി അപ്രസക്തമായിക്കഴിഞ്ഞു.

ദില്ലിയിൽ നടന്ന മുഖ്യമന്ത്രിതല ചർച്ചയിൽ കേരളം ഉന്നയിച്ച കാര്യ ങ്ങൾ അനിഷേധ്യമാണ്. മുപ്പത്തഞ്ച് ലക്ഷം ജനങ്ങളുടെ ജീവനും സ്വത്തു മാണ് നമുക്ക് പ്രധാനം. തമിഴ്നാടിന് വേണ്ടത് വെള്ളമാണ്. കുടിക്കാനും കൃഷി നനയ്ക്കാനും വൈദ്യുതി ഉൽപാദിപ്പിക്കാനുമുള്ള വെള്ളം. വെള്ളം കൊടുത്തുകൊണ്ടിരിക്കാൻ നാം ഒരുക്കമാണ്, പക്ഷേ ഞങ്ങളുടെ നാട്ടിലെ ജനങ്ങളുടെ സുരക്ഷയും സ്വത്തും സംരക്ഷിക്കപ്പെട്ടേ തീരൂ. ആ ഉപാധി യോടെ ജലം കൊടുക്കാം. ആ ഉപാധിക്ക് പ്രധാനം ഡാമിന്റെ സുരക്ഷയാ ണ്. മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് 136 അടിയായി താഴ്ത്താനും ഡാമി നെ ബലപ്പെടുത്താനും ദീർഘകാല പരിഹാരമായി പുതിയ ഡാം പണിയാ നും നിർദേശിക്കപ്പെട്ടത് 1979 ലാണ്. ദീർഘകാല പരിഹാര നിർദേശം നട പ്പാക്കാനുള്ള സമയമായി. 1979-നു ശേഷം പലതും സംഭവിച്ചു. ഡാം കൂടു തൽ ദുർബലമായി. ഡാമിന്റെ പരിസരപ്രദേശങ്ങളിൽ പലതവണ 'ഭൂകമ്പം അനുഭവപ്പെട്ടു. 'ഭൂകമ്പസാധ്യത അധികമുള്ള പ്രദേശമായി മുല്ലപ്പെരിയാർ മനസ്സിലാക്കപ്പെട്ടു. ഡാമിൽ ചോർച്ച രൂക്ഷമായി.

എന്നിട്ടും തമിഴ്നാട് പറയുന്നു ഡാമിലെ ജലനിരപ്പ് ആദ്യം 142 അടി യായും പിന്നീട് 152 അടിയായും വർധിപ്പിക്കണമെന്ന്. പുതിയ ഡാം പണി യണമെന്ന കേരളത്തിന്റെ നിർദേശം അവർക്ക് സ്വീകാര്യമല്ല. അപ്പോൾ കേ

രളത്തിലെ 35 ലക്ഷം ജനങ്ങളുടെ ജീവനും സ്വത്തും അവരിൽ ചിലർക്ക് പ്രശ്നമേയല്ല. വെള്ളം തുടർന്നും തരാം, തൽക്കാലം 136 അടിയായി ജലനിരപ്പ് നിലനിർത്തുക, ദീർഘകാല പരിഹാരമായി പുതിയ ഡാം നിർമിക്കുക– ഏറ്റവും ശാസ്ത്രീയവും പ്രായോഗികവുമായ ഈ നിർദേശത്തെ എങ്ങനെയാണ് ഖണ്ഡിക്കാനാവുക.

ഈ വിഷയത്തിൽ ഏറ്റവുമൊടുവിൽ മുൻ തമിഴ്നാട് മുഖ്യമന്ത്രി എം ജി രാമചന്ദ്രന്റെ കത്ത് ശ്രദ്ധയിൽ വന്നു. ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്തില്ലെന്ന് എം ജി രാമചന്ദ്രൻ അന്നത്തെ പ്രധാനമന്ത്രി ചരൺ സിങ്ങിന് ഉറപ്പ് നൽകുകയുണ്ടായി. ഡാമിന്റെ പഴക്കവും ബലക്ഷയവും ജനങ്ങളിൽ കടുത്ത ആശങ്കയുളവാക്കുന്ന സാഹചര്യത്തിൽ ചരൺ സിങ് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചിരുന്നു. ആ കത്തിനുള്ള മറുപടിയിലാണ് മുഖ്യമന്ത്രി മേൽപറഞ്ഞ ഉറപ്പ് നൽകിയത്. പ്രായോഗികവും സൗഹൃദപൂർണവുമായിരുന്നു അന്ന് എം ജി ആർ സ്വീകരിച്ച നിലപാട്. അതിന് കടകവിരുദ്ധമായി പെരുമാറണമെന്ന് വൈക്കോമാരും എം ജി ആറിന്റെ ശിഷ്യയും എഐഎഡിഎംകെ നേതാവുമായ ജയലളിതയും മറ്റും കരുണാനിധിയെ നിർബന്ധിക്കുന്ന കാഴ്ചയാണിപ്പോൾ കാണുന്നത്. കരുണാനിധിയാകട്ടെ വൈക്കോ–ജയലളിതമാരുടെ സമ്മർദങ്ങൾക്ക് വഴങ്ങി നേരത്തെയുള്ള നിലപാട് മാറ്റാൻ നീക്കംനടത്തുന്നു.

ഏതായാലും കേരളത്തിന് ഒന്നേ പറയാനുള്ളൂ. കേരളവും തമിഴ്നാടും തമ്മിലുള്ളത് സൗഹൃദം മാത്രമല്ല, സാഹോദര്യവും കൂടിയാണ്. അത് തകർക്കുന്നതിന് ആരെയും അനുവദിക്കില്ല.

തമിഴ്നാടിന് വെള്ളംകൊടുക്കുന്നത് തുടരുകതന്നെ ചെയ്യും. അതേ സമയം മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 136 അടിയിൽ നിന്ന് ഉയർത്താൻ അനുവദിക്കുന്ന പ്രശ്നമില്ല. 111 വർഷം പഴക്കമുള്ളതാണ് ഡാം. നിർമാണ കാലത്ത് കണക്കുകൂട്ടിയ ആയുസ്സിന്റെ ഇരട്ടിയായിക്കഴിഞ്ഞു. ഇനിയും വൈകാതെ പുതിയ ഡാം പണിഞ്ഞേ തീരൂ. നിലവിലുള്ള ഡാം 999 വർഷം അതല്ലെങ്കിൽ 'ആചന്ദ്രതാരം' ഇങ്ങനെ നിലനിന്നുകൊള്ളുമെന്ന് സ്വപ്നം കണ്ടിരിക്കാൻ ഞങ്ങൾക്കാവില്ല. കാരണം കേരളത്തിലെ അഞ്ച് ജില്ലയിലെ 35 ലക്ഷം ജനങ്ങളുടെ ജീവനും സ്വത്തും അപകടഭീഷണിയിലാണെന്ന യഥാർഥ്യം മറയ്ക്കാൻ ഞങ്ങൾക്കാവില്ല.

അതുകൊണ്ട് തമിഴ്നാട്ടിലെ രാഷ്ട്രീയനേതൃത്വം വിശാലമനസ്കതയോടെ, ശാസ്ത്രീയമായും പ്രായോഗികമായും പ്രശ്നത്തെ സമീപിക്കേണ്ടതുണ്ട്. എം ജി ആറിന്റെ സമീപനം തമിഴ്നാട് പിൻതുടരുമെന്നാണ് കേരളം പ്രതീക്ഷിക്കുന്നത്. സുപ്രിംകോടതി നിർദേശിച്ചതു പോലെ ചർച്ചയിലൂടെ പരിഹാരത്തിന് തയ്യാറാകണം. തുടങ്ങിവെച്ച ചർച്ച തുടരാൻ സന്നദ്ധമാകണം.